## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 24** **26.09.2016-ന് മറുപടിക്ക്**

## ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോർജ്.എം.തോമസ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഇപ്പോൾ സ്വീകരിക്കുന്ന നിലപാട് എന്തെന്ന് വിശദമാക്കാമോ; | (എ) കേരളത്തിലെ 123 വില്ലേജുകളിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. മുൻ സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോ മീറ്റർ ആയി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമില്ലായെന്ന് കണ്ടെത്തിയ 4 വില്ലേജുകളെ കൂടി പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോ മീറ്റർ പ്രദേശം പരിസ്ഥിതിലോലമായി നിജപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമെ ESA ആയി |

പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാർ തീരുമാനം പ്രതീക്ഷിക്കുകയാണ്

| | |
|---|---|
| **ബി)** റിപ്പോർട്ട് ബാധിക്കുന്ന പ്രദേശങ്ങളിലെ എം.എൽ.എമാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ, കർഷക സംഘടനകൾ തുടങ്ങിയവരുടെ സംയുക്തയോഗം വിളിച്ച് ചർച്ച ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ; | **(ബി) & (സി)** പരിഗണനയിലില്ല. ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| **സി)** എങ്കിൽ, ആയതിന് നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ